എ.വൈ.ആർ

സൂറ-13

# അർറഅ്ദ്

وَهُوَ ٱلَّذِى مَدَّ ٱلْأَرْضَ وَجَعَلَ فِيهَا رَوَٰسِىَ وَأَنْهَٰرًا ۖ وَمِن كُلِّ ٱلثَّمَرَٰتِ
جَعَلَ فِيهَا زَوْجَيْنِ ٱثْنَيْنِ ۖ يُغْشِى ٱلَّيْلَ ٱلنَّهَارَ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ
لِّقَوْمٍ يَتَفَكَّرُونَ ﴿٣﴾
وَفِى ٱلْأَرْضِ قِطَعٌ مُّتَجَٰوِرَٰتٌ وَجَنَّٰتٌ مِّنْ أَعْنَٰبٍ وَزَرْعٌ وَنَخِيلٌ
صِنْوَانٌ وَغَيْرُ صِنْوَانٍ يُسْقَىٰ بِمَآءٍ وَٰحِدٍ وَنُفَضِّلُ بَعْضَهَا عَلَىٰ بَعْضٍ فِى
ٱلْأُكُلِ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَعْقِلُونَ ﴿٤﴾
۞ وَإِن تَعْجَبْ فَعَجَبٌ قَوْلُهُمْ أَءِذَا كُنَّا تُرَٰبًا أَءِنَّا لَفِى خَلْقٍ جَدِيدٍ ۗ
أُو۟لَٰٓئِكَ ٱلَّذِينَ كَفَرُوا۟ بِرَبِّهِمْ ۖ وَأُو۟لَٰٓئِكَ ٱلْأَغْلَٰلُ فِىٓ أَعْنَاقِهِمْ ۖ وَأُو۟لَٰٓئِكَ
أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ ﴿٥﴾

3 ഭൂമിയെ വിസ്തൃതമാക്കിയതും അതിൽ പർവതങ്ങളുറപ്പിച്ചതും നദികളൊഴുക്കിയതും സകല ഫലങ്ങളെയും ജോഡികളാക്കിയതും അവൻ തന്നെയാകുന്നു. പകലിനെ രാവിനാൽ മൂടുന്നതും അവൻ തന്നെ. ചിന്തിക്കുന്ന ജനത്തിന് ഇതിലൊക്കെയും മഹത്തായ ദൃഷ്ടാന്തങ്ങളുണ്ട്.
4 നോക്കുക: ഭൂമിയിൽ പരസ്പരം ചേർന്നു സ്ഥിതിചെയ്യുന്ന വൈവിധ്യമാർന്ന ഖണ്ഡങ്ങളുണ്ട്. മുന്തിരിത്തോപ്പുകളും വയലുകളുമുണ്ട്. ഒറ്റയായും കൂട്ടമായും വളരുന്ന കാരക്ക വൃക്ഷങ്ങളുണ്ട്. എല്ലാം സേചനം ചെയ്യപ്പെടുന്നത് ഒരേ ജലമാകുന്നു. എന്നാൽ രുചിയിൽ നാം ചിലതിനെ ഏറെ വിശിഷ്ടമാക്കുന്നു. നിശ്ചയം, ബുദ്ധിപൂർവം ഗ്രഹിക്കുന്നവർക്ക് ഇതിലൊക്കെയും ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.
5 നീ അത്ഭുതപ്പെടുന്നുവെങ്കിൽ അത്ഭുതപ്പെടേണ്ടത് ജനത്തിന്റെ ഈ വർത്തമാനത്തിലാകുന്നു: നമ്മൾ മണ്ണായിത്തീർന്നാൽ പിന്നെയും പുതുതായി സൃഷ്ടിക്കപ്പെടുമെന്നോ?! സ്വന്തം വിധാതാവിനെ നിഷേധിച്ചവരാണക്കൂട്ടർ. സ്വന്തം കഴുത്തുകളിൽ ചങ്ങലയണിഞ്ഞിട്ടുണ്ടവർ. നരകാവകാശികളും അക്കൂട്ടർതന്നെ. അവരതിൽ നിത്യവാസികളാകുന്നു.

അതിൽ =فِيهَا ആക്കി(ഉറപ്പിച്ചതും) =وَجَعَلَ ഭൂമിയെ വിസ്തൃതമാക്കിയ(തും)വൻ =ٱلَّذِى مَدَّ ٱلْأَرْضَ അവൻ(തന്നെയാകുന്നു) =وَهُوَ
സകലഫലങ്ങളിൽനിന്നും(ങ്ങളെയും) =وَمِن كُلِّ ٱلثَّمَرَٰتِ നദികളെ(ഒഴുക്കിയതും) =وَأَنْهَٰرًا ۖ നങ്കൂരങ്ങൾ(പർവതങ്ങൾ) =رَوَٰسِىَ
അവൻ(തന്നെ)മൂടുന്നു(ന്നതും) =يُغْشِى രണ്ടിണയായി(ജോഡികൾ) =زَوْجَيْنِ ٱثْنَيْنِ ۖ അതിൽ ആക്കി(യതും) =جَعَلَ فِيهَا
തീർച്ചയായും ഇതിൽ(ഒക്കെയും)ഉണ്ട് =إِنَّ فِى ذَٰلِكَ പകലിനെ =ٱلنَّهَارَ ۚ രാവിനെ(നാൽ) =ٱلَّيْلَ
(നോക്കുക) ഭൂമിയിൽ ഉണ്ട് =وَفِى ٱلْأَرْضِ ചിന്തിക്കുന്ന ജനത്തിന് =لِّقَوْمٍ يَتَفَكَّرُونَ (മഹത്തായ)ദൃഷ്ടാന്തങ്ങൾ തന്നെ =لَءَايَٰتٍ
തോപ്പുകളുമുണ്ട് =وَجَنَّٰتٌ പരസ്പരം ചേർന്നുനിൽക്കുന്ന =مُّتَجَٰوِرَٰتٌ (വൈവിധ്യമാർന്ന) ഖണ്ഡങ്ങൾ =قِطَعٌ
കൂട്ടമായ(യി വളരുന്ന) =صِنْوَانٌ കാരക്കവൃക്ഷവുമുണ്ട് =وَنَخِيلٌ കൃഷിയും(വയലുകളും) ഉണ്ട് =وَزَرْعٌ മുന്തിരിയാലുള്ള =مِّنْ أَعْنَٰبٍ
ഒരേ ജലംകൊണ്ട് =بِمَآءٍ وَٰحِدٍ കുടിപ്പിക്കപ്പെടുന്നു(സേചനം ചെയ്യപ്പെടുന്നു) =يُسْقَىٰ കൂട്ടമല്ലാതെ(ഒറ്റയായും വളരുന്ന) =وَغَيْرُ صِنْوَانٍ
തീറ്റയിൽ, രുചിയിൽ =فِى ٱلْأُكُلِ അതിൽ ചിലതിനെ ചിലതിനേക്കാൾ =بَعْضَهَا عَلَىٰ بَعْضٍ നാം(ഏറെ) വിശിഷ്ടമാക്കുന്നു =وَنُفَضِّلُ

ജനത്തിന് =لِّقَوۡمٍ (ധാരാളം) ദൃഷ്ടാന്തങ്ങൾ തന്നെ =لَأَيَٰتٍ നിശ്ചയം, ഇതിൽ (ഒക്കെയും) ഉണ്ട് =إِنَّ فِى ذَٰلِكَ
നീ അത്ഭുതപ്പെടുന്നുവെങ്കിൽ =وَإِن تَعۡجَبۡ ബുദ്ധി ഉപയോഗിക്കുന്ന, ബുദ്ധിപൂർവം ഗ്രഹിക്കുന്ന =يَعۡقِلُونَ
അവരുടെ(ജനത്തിന്റെ ഈ) വർത്തമാനമാ(ത്തിലാ)കുന്നു =قَوۡلُهُمۡ അപ്പോൾ അത്ഭുതം (അത്ഭുതപ്പെടേണ്ടത്) =فَعَجَبٌ
(പിന്നെയും) നമ്മൾ ഒരു സൃഷ്ടിയിലോ(സൃഷ്ടിക്കപ്പെടുമെന്നോ) =أَءِنَّا لَفِى خَلۡقٍ മണ്ണ് =تُرَٰبًا നമ്മൾ ആയിത്തീർന്നാൽ =أَءِذَا كُنَّا
അവരുടെ(സ്വന്തം) വിധാതാവിനെ =بِرَبِّهِمۡ നിഷേധിച്ചവരാണ് =ٱلَّذِينَ كَفَرُواْ അക്കൂട്ടർ =أُوْلَٰٓئِكَ പുതിയ(പുതുതായി) =جَدِيدٍ
അവരുടെ(സ്വന്തം) കഴുത്തുകളിൽ =فِىٓ أَعۡنَاقِهِمۡ ചങ്ങലകൾ(അണിഞ്ഞിട്ടുണ്ട്) =ٱلۡأَغۡلَٰلُ അവർ =وَأُوْلَٰٓئِكَ
നരകത്തിന്റെ ആളുകൾ(അവകാശികൾ) =أَصۡحَٰبُ ٱلنَّارِ അക്കൂട്ടർ തന്നെയാണ് =وَأُوْلَٰٓئِكَ
നിത്യവാസികളാകുന്നു =خَٰلِدُونَ അവർ അതിൽ =هُمۡ فِيهَا

**3,4:** വാനലോകത്തിലെ ദൃഷ്ടാന്തങ്ങൾ പരാമർശിച്ച ശേഷം ഭൂമിയിലെ ദൃഷ്ടാന്തങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. വാനലോക ദൃഷ്ടാന്തങ്ങൾ എപ്രകാരം അവയുടെ സ്രഷ്ടാവിന്റെ സൃഷ്ടിവൈഭവത്തെയും ആസൂത്രണ പാടവത്തെയും യുക്തിജ്ഞതയെയും ലക്ഷ്യോന്മുഖതയെയും വിളിച്ചോതുന്നുവോ അപ്രകാരം ഭൂമിയിലെ ഓരോ പ്രതിഭാസവും ആ ഗുണങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. പക്ഷേ, ഈ സാക്ഷ്യങ്ങൾ കണ്ടെത്തുന്നതിന് മനുഷ്യൻ തന്റെ ചിന്താശേഷിയെ നേരാംവണ്ണം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സ്വന്തം ജീവിതത്തിനാധാരമായ പദാർഥങ്ങളെക്കുറിച്ചും ചുറ്റുപാടുകളെക്കുറിച്ചും ഒന്നും ചിന്തിക്കാതെ അന്ധമായി അവ പ്രയോജനപ്പെടുത്തുക മാത്രം ചെയ്യുന്നവർക്കും അവയുടെ ഉപഭോഗ സാധ്യതയെക്കുറിച്ചു മാത്രം ചിന്തിക്കുന്നവർക്കും ആ ദൃഷ്ടാന്തങ്ങൾ കണാനാവില്ല. പർവതങ്ങളും നദികളും അവയുടെ പ്രകൃതികൊണ്ട് എത്ര വ്യത്യസ്തങ്ങളാണ്. എന്നാൽ സ്രഷ്ടാവ് അവന്റെ അപാരമായ സൃഷ്ടിവൈഭവത്താൽ, പാറക്കെട്ടുകൾക്കിടയിലൂടെ നീരുറവകളൊഴുക്കിക്കൊണ്ട് അവയെ എത്ര അത്ഭുതകരമായി കൂട്ടിയിണക്കിയിരിക്കുന്നു. ഭൂമിയിലെ സസ്യലതാദികൾ നോക്കുക. എല്ലാം ജോഡികളായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ചെടികളിലും അവയുടെ പൂവുകളിലും കായ്കളിലുമെല്ലാം ആണും പെണ്ണുമുണ്ട്. കുരുക്കളുടെയും ധാന്യങ്ങളുടെയും ഉൾക്കാമ്പ് ചേർന്നിരിക്കുന്ന ജോഡിയായി കാണപ്പെടുന്നു. പരിപ്പിന്റെ ഈ ജോഡികൾക്കിടയിൽ നിന്നാണ് അവ മുളപൊട്ടുന്നത്. ചില സസ്യങ്ങളിലെയും വിത്തുകളിലെയും ജോഡികളെ ഇനിയും നമുക്ക് തിരിച്ചറിയാനായിട്ടില്ല. ഇണകളുടെ പരാഗണത്തിലൂടെയാണ് സസ്യങ്ങളുടെ പ്രജനനം സംഭവിക്കുന്നത്. രാപ്പകലുകൾ ഒരു ജോഡിയാണ്. രാവ് പകലിനെ മൂടുന്നു. അനന്തരം വീണ്ടും പകലുളവാകുന്നു. അതുപോലെ ഇണകൾ പരസ്പരം ഇണങ്ങി സസ്യങ്ങളും ജന്തുജാലങ്ങളും പുനരുദ്പാദിപ്പിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. വൈരുധ്യങ്ങൾ സമഞ്ജസമായിണങ്ങിച്ചേർന്ന് പ്രവർത്തിച്ചുകൊണ്ട് നിലനിൽക്കുന്ന ഈ ലോകം യാദൃച്ഛികമായി സ്വയം ഉളവായതാണെന്ന്, അല്ലെങ്കിൽ അതിന്റെ പല ഘടകങ്ങൾ പല ദൈവങ്ങൾ സൃഷ്ടിച്ചു പരിപാലിച്ചുകൊണ്ടിരിക്കുന്നതാണെന്ന് സാമാന്യ ബുദ്ധി സമ്മതിക്കുമോ? അതല്ല, ഇതെല്ലാം സർവജ്ഞനും സർവശക്തനുമായ ഒരൊറ്റ ശക്തിയുടെ സൃഷ്ടിയും സംവിധാനവുമാണെന്നാണോ സമ്മതിക്കുക? ഭൗതിക പദാർഥങ്ങളും പ്രതിഭാസങ്ങളുമെല്ലാം- എത്രത്തോളമെന്നാൽ രാപ്പകലുകൾപോലും ഇണകളാണെങ്കിൽ മൊത്തം ഭൗതിക ലോകത്തിനും ജീവിതത്തിനും അതുപോലെ ഇണയുണ്ടായിരിക്കേണ്ടതല്ലേ? ആ ഇണയാണ് പരലോകവും മരണാനന്തര ജീവിതവും.

പ്രപഞ്ചത്തിന്റെ ഈ വ്യവസ്ഥയും ക്രമവും കടുകിട വ്യത്യാസപ്പെടാതെ കാലാകാലം നിയന്ത്രിക്കാനും നിലനിർത്താനും ഒരേയൊരു പരമാധികാരിക്കല്ലാതെ കഴിയില്ല. വിവിധ ദൈവങ്ങളുടെ സൃഷ്ടിയാണ് പ്രപഞ്ചമെങ്കിൽ ഒരു ദൈവത്തിനും അതിൽ പരമാധികാരമുണ്ടായിരിക്കുകയില്ല. പരമാധികാരമില്ലാത്തവരൊന്നും ദൈവമായിരിക്കുകയുമില്ല. അങ്ങനെ ബഹുദൈവത്വം ദൈവനിഷേധമാകുന്നു. സത്യാന്വേഷണ താൽപര്യത്തോടെ ചിന്തിച്ചുനോക്കുന്നവർക്ക് ഭൗതിക പദാർഥങ്ങളിലും പ്രതിഭാസങ്ങളിലും ഏകദൈവത്വത്തിന്റെയും പരലോകത്തിന്റെയും ഈവിധം ധാരാളം തെളിവുകൾ കണ്ടെത്താൻ കഴിയും.

مَدَّ എന്ന മൂലപദത്തിന്റെ ഭാഷാർഥം നീട്ടി, ദീർഘമാക്കി എന്നാണ്. വിസ്തൃതമാക്കി എന്നത് പ്രയോഗാർഥമാണ്. ഭൂമിയുടെ ഭൗതിക ശാസ്ത്രപരമായ ആകൃതിയല്ല ഇവിടെ പറയുന്നത്; മനുഷ്യന് നേരിട്ടനുഭവപ്പെടുന്ന അതിന്റെ അവസ്ഥയാണ്. മനുഷ്യനെ സംബന്ധിച്ചേടത്തോളം തന്റെ ജീവിതത്തിനാവശ്യമായതെല്ലാം സജ്ജീകരിച്ച പരന്ന പ്രതലമാണ് ഭൂമി. അത് സ്വയമൊരു മഹാദൃഷ്ടാന്തമാണ്. ഭൂമി യഥാർഥത്തിൽ ഒരു ഗോളമാണെന്നറിയുമ്പോൾ ആ ദൃഷ്ടാന്തം കൂടുതൽ സ്പഷ്ടവും അത്ഭുതകരവുമാവുകയാണ്. വിശാലതക്കും വിസ്തൃതിക്കും ഇവിടെ مَدَّ എന്ന പദം ഉപയോഗിച്ചത് ഭൂമിയുടെ ഗോളാകൃതിയെ സൂചിപ്പിക്കുന്നതായി ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. വിസ്തൃതമായ വസ്തു വൃത്താകൃതിയിലോ തൃകോണാകൃതിയിലോ ചതുരാകൃതിയിലോ അഷ്ടഭുജാകൃതിയിലോ ഒക്കെ ആയിരിക്കും. അതിന് അതിരുകളുണ്ടായിരിക്കും. നീൾച്ചക്ക് അത്തരം ആകൃതികളില്ല, അതിരുകളുമില്ല. പരന്ന വസ്തുവിലൂടെ സഞ്ചരിച്ചാൽ അതിന്റെ ഏതെങ്കിലും അതിരിലെത്തും. ഭൂമിയുടെ വിശാല പ്രതലത്തിലൂടെ സഞ്ചരിച്ചാൽ നാം ഭൂമിയുടെ അതിരിലെത്തുന്നില്ല. സഞ്ചാരം നേർരേഖയിലാണെങ്കിൽ പുറപ്പെട്ട ബിന്ദുവിൽ തന്നെ വന്നെത്തുകയേയുള്ളൂ. അല്ലെങ്കിൽ സഞ്ചാരം അനന്തമായി നീണ്ടുപോകും. ഈ സംഗതിയെ ആധാരമാക്കിയാണ്, ഭൂമിയുടെ ഗോളാകാരം ശാസ്ത്രീയമായി തെളിയിക്കപ്പെടുന്നതിനു മുമ്പേ ഇമാം റാസിയെപ്പോലുള്ള ഇസ്‌ലാമിക പണ്ഡിതന്മാർ ഭൂമി ഗോളാകൃതിയിലാണെന്നു പ്രസ്താവിച്ചത്. (*തഫ്‌സീർ റാസി* വാ.19 പേ. 2-3) ഉറച്ചു നിൽക്കുന്നതാണ് راسى. رسى എന്നാൽ ഉറച്ചുനിന്നു, ഇളകാതെ നിന്നു. أرسى എന്നാകുമ്പോൾ അർഥം ഉറപ്പിച്ചു നിർത്തി എന്നാകുന്നു. കപ്പലുകൾ നിശ്ചലമാക്കി നിർത്തുന്നതിനു വേണ്ടി കടലിൽ താഴ്ത്തുന്ന നങ്കൂരത്തിന് راسي എന്നു പറയും. അതിന് راسيات എന്നും رواس എന്നും ബഹുവചനമുണ്ട്.

ഭൂമിയെ ഉറപ്പിച്ചു നിർത്തുന്നത് എന്ന അടിസ്ഥാനത്തിലും ഭൂമിയിൽ ഇളകാതെ ഉറച്ചു നിൽക്കുന്നത് എന്ന അടിസ്ഥാനത്തിലും പർവതങ്ങളെ الرّواسي എന്നു പറയുന്നു. ഭൂമിയെ അതിന്റെ ഭ്രമണ പഥത്തിൽനിന്ന് തെന്നിപ്പോകാതെ ഉറപ്പിച്ചു നിർത്തുന്ന കുറ്റികൾ എന്നും പർവതങ്ങൾ വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. وَٱلْجِبَالَ أَوْتَادًا - പർവതങ്ങളെ നാം കുറ്റികളാക്കി(78:7). ഭൂമി അതിന്റെ അച്ചുതണ്ടിന്റെ മേൽ ഉലഞ്ഞു മറിയാതിരിക്കാനുള്ള ഭാരം എന്ന അർഥത്തിൽ وَأَلْقَىٰ فِى ٱلْأَرْضِ رَوَٰسِىَ أَن تَمِيدَ بِكُمْ (നിങ്ങളെയും കൊണ്ട് ഉലഞ്ഞു പോകാതിരിക്കാൻ ഭൂമിയിൽ പർവതങ്ങളുറപ്പിച്ചിരിക്കുന്നു - 31:10) എന്നും പ്രസ്താവിച്ചിരിക്കുന്നു. കുന്നുകളിൽനിന്ന് വൻതോതിൽ മണ്ണെടുത്ത പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കിടുക്കം ഇപ്പറഞ്ഞതിന്റെ അർഥം കൂടുതൽ സ്പഷ്ടമാക്കിത്തരുന്നു. മഹാപർവതങ്ങൾ നീക്കം ചെയ്യപ്പെട്ടാലുള്ള അവസ്ഥയെ കുറിച്ചാലോചിച്ചു നോക്കിയാൽ മതി, ഭൂമിയുടെ നിലനിൽപിൽ അവക്കുള്ള സ്ഥാനം മനസ്സിലാക്കാൻ.

ഭൂമിയിലെ മണ്ണ് പല ഖണ്ഡങ്ങളായാണ് സ്ഥിതി ചെയ്യുന്നത്. ചിലപ്പോൾ ഒരേ പ്രദേശത്തുതന്നെ പലതരം മണ്ണ് അടുത്തടുത്തായി കാണപ്പെടുന്നു. ചില മണ്ണിൽ സമൃദ്ധിയായി വളരുന്ന ചെടികൾ മറ്റു ചില മണ്ണിൽ മുളക്കുകയേയില്ല. ചിലപ്പോൾ മുളച്ചാലും വളരുന്നില്ല. വളർന്നാലും പുഷ്പിക്കുന്നില്ല. ചില മണ്ണിൽ യാതൊരു സസ്യവും മുളപൊട്ടുന്നില്ല. എല്ലാ സസ്യങ്ങൾക്കും ലഭിക്കുന്ന വായുവും വെള്ളവും ഒന്നു തന്നെയാണ്. മണ്ണിലും അതിന്റെ വളക്കൂറിലും മാത്രമാണ് വ്യത്യാസം. ഈത്തപ്പനക്ക് ഒരു വെള്ളവും ഗോതമ്പിന് മറ്റൊരു വെള്ളവും മുന്തിരിക്ക് വേറൊരു വെള്ളവുമല്ല നനക്കുന്നത്. ഒരേ വളക്കൂറുള്ള മണ്ണിൽ തന്നെ ഒരേ വെള്ളം വലിച്ചെടുത്ത് വളരുന്ന പലതരം ചെടികൾ, ഗുണത്തിലും മണത്തിലും  നിറത്തിലും രുചിയിലും ആകൃതിയിലും വലിപ്പത്തിലുമെല്ലാം ഒന്നിനൊന്ന് വ്യത്യസ്തമായ ഫലങ്ങൾ വളയിക്കുന്നു. ഒരേ വെള്ളം വലിച്ചെടുത്ത് ഒരേ മണ്ണിൽ വളരുന്ന ഒരേയിനം ചെടികളുടെ ഫലങ്ങളിൽ പോലും രുചി വ്യത്യാസം കാണപ്പെടുന്നു. മനുഷ്യരുടെ ആവശ്യങ്ങളോടും സൗകര്യങ്ങളോടും ഇണക്കിക്കൊണ്ട് അല്ലാഹു നടത്തിയ ആസൂത്രിത സംവിധാനമാണിത്. മനുഷ്യന് അല്ലാഹു വിപുലമായ രസനശേഷി നൽകിയിരിക്കുന്നു. ആ ശേഷിയെ തൃപ്തിപ്പെടുത്താൻ വേണ്ട വിഭവങ്ങളും ഭൂമിയിൽ സജ്ജീകരിച്ചിരിക്കുന്നു. ചില രുചികൾ കൂടുതൽ അനന്ദകരവും ആരോഗ്യകരവുമാണ്. ചിലതിന് രുചികുറവും പോഷകഗുണം കൂടുതലും ചിലത് നേരെ മറിച്ചുമാണ്. ചില ഫലങ്ങൾ രണ്ടു കാര്യത്തിലും മറ്റുള്ളവയെക്കാൾ മുന്നിട്ടു നിൽക്കുന്നു.

മൂലത്തിലെ زرع എന്ന പദം زراعة ന്റെ മറ്റൊരു രൂപമാണ്. ഉഴുതു മറിക്കുക, നട്ടുപിടിപ്പിക്കുക, കൃഷി ചെയ്യുക എന്നാണ് അർഥം. ഉഴുതു മറിച്ച് സസ്യങ്ങൾ നട്ടു വളർത്തുന്ന ഇടം(വയൽ) എന്ന അർഥമാണ് ഈ സന്ദർഭത്തിൽ അനുയോജ്യമായിട്ടുള്ളത്. ഒരേ മുരടിൽ നിന്നുത്ഭവിക്കുന്ന പലതിനെക്കുറിക്കുന്ന പദമായ صنو ന്റെ ബഹുവചനമാണ് صِنْوَانٌ. മുളംകൂട്ടം പോലെ ഒന്നിൽനിന്ന് പൊട്ടിമുളച്ചു കൂട്ടമായി വളരുന്ന വൃക്ഷങ്ങൾ صِنْوَانٌ ആകുന്നു. ഇങ്ങനെ വളരുന്ന ഈത്തപ്പനകളും ഉണ്ട്. ഒരേ പിതാവിൽനിന്നുത്ഭവിച്ച സന്തതികളെ കുറിക്കാനും صنو ഉപയോഗിക്കും. തിർമിദി ഉദ്ധരിച്ച ഒരു നിവേദനത്തിൽ നബി(സ) عم الرّجل صنوأبيه - ഒരാളുടെ പിതൃസഹോദരൻ അയാളുടെ പിതാവിന്റെ -സിൻവ്- മുരട്ടിൽ നിന്നുള്ളവൻ ആകുന്നു എന്നു പ്രസ്താവിച്ചതായി കാണാം.

തീറ്റ വസ്തു എന്നും തിന്നൽ എന്നും അർഥമുള്ള أَكل ന്റെ ഉച്ചാരണ ഭേദമാണ് أُكل. പഴം എന്നുകൂടി أُكْل ന് അർഥമുണ്ട്. أَكل ന്റെ അർഥം തിന്നലിലും തീറ്റയിലും പരിമിതമാവണമെന്നില്ല. എല്ലാ ഉപഭോഗങ്ങളെയും അതുൾക്കൊള്ളും. ഖുർആൻ آكل الربا -പലിശതീനി- എന്നു വിശേഷിപ്പിക്കുന്നത് പലിശവാങ്ങി നേരിട്ട് തിന്നുന്നവനെയോ പലിശപ്പണം കൊണ്ട് ഭക്ഷണം വാങ്ങി കഴിക്കുന്നവനെയോ മാത്രമല്ല, പലിശപ്പണം കൊണ്ട് മറ്റാവശ്യങ്ങൾ നിർവഹിക്കുന്നവരെ കൂടിയാണ്.

ഈ സൂക്തങ്ങളുടെയും ഇതിനു മുമ്പു വന്ന  രണ്ട് സൂക്തങ്ങളുടെയും സമാപന വാക്യങ്ങൾ ശ്രദ്ധേയമാകുന്നു. ആദ്യം ആകാശ ദൃഷ്ടാന്തങ്ങൾ പരാമർശിച്ചുകൊണ്ട് لَعَلَّكُم بِلِقَآءِ رَبِّكُمْ تُوقِنُونَ എന്നുണർത്തി. മൂന്നാം സൂക്തത്തിൽ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَتَفَكَّرُونَ എന്നും നാലാം സൂക്തം إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَعْقِلُونَ എന്നുമാണ് സമാപിക്കുന്നത്. ഇത് ദൈവാസ്തികൃത്തിലും അവന്റെ ഏകത്വത്തിലും സ്വതന്ത്രവും സുദൃഢവുമായ ബോധ്യം നേടാൻ നിരീക്ഷണ ശേഷി, ചിന്താശേഷി, ബുദ്ധി എന്നിവയെ പ്രയോജനപ്പെടുത്തേണ്ടതനിവാര്യമാണെന്ന് കുറിക്കുന്നുവെന്നും ആ വിധം ബുദ്ധിയെ പ്രവർത്തിപ്പിക്കുക ഇസ്ലാമിന്റെ ലക്ഷ്യങ്ങളിലും ഖുർആൻ ചുമത്തുന്ന നിർബന്ധ ബാധ്യതകളിലും ദീനിന്റെ അടിസ്ഥാന തത്ത്വങ്ങളിലും പെട്ടതാണെന്നും ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

**5:** ഈ സൂക്തം പ്രത്യക്ഷത്തിൽ സംബോധനം ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും അദ്ദേഹത്തെ മധ്യത്തിൽ നിർത്തിക്കൊണ്ട്, അദ്ദേഹത്തിന്റെ പ്രതിയോഗികളായ പരലോക നിഷേധികളെയാണ് യഥാർഥത്തിൽ സംബോധന ചെയ്യുന്നത്. അതായത്, അല്ലാഹുവിന്റെ ശക്തിയുടെയും യുക്തിയുടെയും ആസൂത്രണ പാടവത്തിന്റെയും സൃഷ്ടി വൈഭവത്തിന്റെയും മേൽപറഞ്ഞ ദൃഷ്ടാന്തങ്ങളെല്ലാം ഉണ്ടായിരിക്കെ, അത്ഭുതപ്പെടേണ്ട കാര്യം, മരണാനന്തരം മനുഷ്യർ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയും അല്ലാഹുവിന്റെ മുമ്പിൽ വിചാരണക്ക് ഹാജരാക്കപ്പെടുകയും ചെയ്യുമെന്ന പ്രവാചകന്റെ മുന്നറിയിപ്പിലല്ല; പ്രത്യുത മരിച്ചു മണ്ണായിപ്പോയ ശേഷം നമ്മൾ പുതുതായി സൃഷ്ടിക്കപ്പെടുകയോ എന്ന് ആളുകൾ പറഞ്ഞുനടക്കുന്നതിലാണ്. അവരെയപേക്ഷിച്ച് ഭീമാകാരങ്ങളായ സൃഷ്ടികളും അവരെക്കാൾ തീരെ ചെറിയതും നിസ്സാരവുമായ സൃഷ്ടികളും ഒരുപോലെ കണിശമായ നിയമങ്ങൾക്കുവിധേയമായി സോദ്ദേശ്യവും ലക്ഷ്യോന്മുഖവുമായി ചലിച്ചുകൊണ്ടിരിക്കുന്നത് അവർ സദാ കാണുന്നു. പകലസ്തമിച്ചാൽ രാവുണ്ടാകുന്നു. രാവിനുശേഷം വീണ്ടും പകലുദിക്കുന്നു. ഭൂമിയിൽ പലതരം ചെടികൾ മുളച്ചു വളർന്ന് ബഹുവിധ ഫലമൂലാദികളുൽപാദിപ്പിച്ച് തിരോഭവിക്കുന്നു. കുറച്ചുകാലം കഴിയുമ്പോൾ അവയുടെ മൃതമായ വിത്തുകളിൽനിന്ന് പുതിയ ചെടികൾ ജനിക്കുന്നു. ഇങ്ങനെ ഇല്ലാതാവലും ഉളവാകലും പ്രകൃതിയിലെ സകല വസ്തുക്കളിലും നിരന്തരം ആവർത്തിക്കുന്നതു കണ്ടിട്ടും തങ്ങൾക്കു മാത്രം അതു ബാധകമല്ലെന്ന് വിശ്വസിക്കാൻ എങ്ങനെയാണവർക്കു കഴിയുന്നത്. പ്രകൃതിയുടെ വ്യവസ്ഥകളുടെയും പ്രതിഭാസങ്ങളുടെയും അളവറ്റ സഹായത്താലാണ് മനുഷ്യൻ ജീവിക്കുന്നത്. ഇതര സൃഷ്ടികളുടെ വ്യവസ്ഥാപിതത്വത്തിന്റെ ഗുണഭോക്താവായ മനുഷ്യന് താൻ വ്യവസ്ഥകൾക്കെല്ലാം അതീതനാണെന്നു കരുതാൻ കഴിയുന്നതെങ്ങനെയാണ്? അഥവാ അങ്ങനെ കരുതുന്നില്ലെങ്കിൽ വ്യവസ്ഥകൾ പാലിച്ചാലും ലംഘിച്ചാലും ഫലം ഒന്നുതന്നെയാണെന്ന് -ദുഷ്ടനും ശിഷ്ടനും അവനവന്റെ കർമഫലം അനുഭവിക്കാതെ ഒരുപോലെ മരിച്ചു മണ്ണായിപ്പോവുകയാണെന്ന്- വിശ്വസിക്കുന്നതെങ്ങനെയാണ്?

പ്രശ്നം പ്രവാചക ഭാഷണത്തിൽ വൈചിത്ര്യമുള്ളതോ അദ്ദേഹം പറയുന്നത് അവർക്ക് മനസ്സിലാകാത്തതോ അല്ല. സൃഷ്ടിച്ചു പരിപാലിക്കുന്ന സർവാധികാരിയായ ഒരു വിധാതാവിനെ അവരംഗീകരിക്കുന്നില്ല എന്നതാണ് യഥാർഥ പ്രശ്നം. സർവാധികാരിയും ധർമശാസ്താവുമായ വിധാതാവിനെ അംഗീകരിക്കാൻ കഴിയാത്തവണ്ണം അവരുടെ കഴുത്ത് ചങ്ങലകളിൽ കുടുങ്ങിക്കിടക്കുകയാണ്. പാരമ്പര്യങ്ങളുടേതും മാമൂലുകളുടേതും അഹന്തയുടേതും ആസക്തികളുടേതുമാണാ ചങ്ങലകൾ. സത്യം സ്വീകരിക്കാനുള്ള നിശ്ചയദാർഢ്യം കൊണ്ടുമാത്രമേ ആ ചങ്ങലകൾ അഴിച്ചുമാറ്റാൻ കഴിയൂ. പക്ഷേ, അവരുടെ ദൃഢനിശ്ചയം സത്യം സ്വീകരിക്കാനല്ല, തള്ളിക്കളയാനാണ്. ഈ നില തുടരുകയാണെങ്കിൽ അവർ തീർച്ചയായും നരകാവകാശികളായിത്തീരും. അതിൽ നിത്യമായി വസിക്കേണ്ടി വരികയും ചെയ്യും.

غلّ ന്റെ ബഹുവചനമാണ് أغلال. ചങ്ങലകൊണ്ടുള്ള ബന്ധനത്തിനെന്നപോലെ പ്രവർത്തനം തടയുന്ന എന്തിനും غلّ ഉപയോഗിക്കും; ആ തടസ്സം സ്വയം ഉണ്ടാകുന്നതായാലും. وَلَا تَجْعَلْ يَدَكَ مَغْلُولَةً إِلَىٰ عُنُقِكَ (നിന്റെ കൈ നീ പിരടിയിൽ ചങ്ങലക്കിടപ്പെട്ടതാക്കരുത്) എന്നതിന്റെ താൽപര്യം ആർക്കും ഒന്നും കൊടുക്കാത്ത ലുബ്ധനാവരുത് എന്നാണ്. അല്ലാഹു ലുബ്ധനാണ് എന്ന അർഥത്തിലാണ് യഹൂദർ يد الله مغلولة (അല്ലാഹുവിന്റെ കരം ചങ്ങലയിടപ്പെട്ടിരിക്കുന്നു) എന്നു ഘോഷിച്ചിരുന്നത്. ■